പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 48

27.2.2018 -ൽ മറുപടിയ്ക്ക്

## വിനോദസഞ്ചാര വിപണന സംരംഭങ്ങൾ

| ചോദ്യം<br>ശ്രീ.കെ.കുഞ്ഞിരാമൻ<br>ശ്രീ.ആന്റണി ജോൺ<br>ശ്രീ. എസ്.രാജേന്ദ്രൻ<br>ശ്രീ. എൻ. വിജയൻ പിള്ള : | | മറുപടി<br>ശ്രീ. കടകംപള്ളി സുരേന്ദ്രൻ, സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി | |
|---|---|---|---|
| എ) | സംസ്ഥാനത്തെ ടൂറിസം വികസനത്തിൽ മുഖ്യപങ്ക് വഹിക്കുന്ന വിനോദസഞ്ചാര വിപണനത്തിന് എന്തെല്ലാം സംരംഭങ്ങളാണ് ഒരുക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | എ) | സംസ്ഥാനത്തെ ടൂറിസം വികസനത്തിൽ മുഖ്യപങ്ക് വഹിക്കുന്ന വിനോദസഞ്ചാര വിപണനത്തിനായി വിനോദസഞ്ചാര വകുപ്പ് രാജ്യത്തിനകത്തും വിദേശത്തുമുള്ള ടൂറിസം ഫെയറുകളിൽ പങ്കെടുക്കുകയും B2B മീറ്റുകൾ സംഘടിപ്പിക്കുകയും മാർക്കറ്റിംഗ് കാമ്പയിനുകൾ നടപ്പാക്കി വരുകയും ചെയ്യുന്നു. |
| ബി) | സ്വദേശ വിദേശ വിപണികളിൽ കേരള ടൂറിസം നൂതനവും പുതുമയുള്ളതുമായ എന്തെല്ലാം വിപണന പ്രചരണ പരിപാടികളാണ് സംഘടിപ്പിച്ചിട്ടുള്ളത്; വിശദമാക്കുമോ; | ബി) | സ്വദേശ വിദേശ വിപണികളിൽ കേരള ടൂറിസം നൂതനമായതും പുതുമയുള്ളതുമായ വിവിധ പരിപാടികൾ സംഘടിപ്പിച്ചു വരുന്നുണ്ട്. ഡെസ്കൂബർ ട്രാവൽഷോ എന്ന നൂതനമായ പ്രചരണ പരിപാടി വഴി വിദേശ ചാനലുകളിൽ കേരള ടൂറിസം മികച്ച ഡെസ്റ്റിനേഷനുകൾ കാണിക്കുന്നുണ്ട്. ഹോളിഡേ ഐക്യൂ/ട്രിപ്പ് അഡ്വൈസർ/ഭാരത് മാട്രിമണി എന്നിവയും കേരള ടൂറിസം പ്രചാരണത്തിനായി വകുപ്പ് ഉപയോഗിക്കുന്നുണ്ട്. കേരള ബ്ലോഗ് എക്സ്പ്രസ് എന്ന നൂതനാശയം വകുപ്പ് വിജയകരമായി നടപ്പാക്കി വരുന്നുണ്ട്. ഈ വർഷം ലണ്ടനിലെ ബസുകളിൽ കേരള ടൂറിസം ബ്രാന്റിംഗ് നടത്തുകയും പാരീസിൽ ഡ്രാമ തിയേറ്ററുകളിൽ പരസ്യങ്ങൾ കാണിക്കുകയും വഴി വിദേശത്ത് ശക്തമായ പ്രചാരണമാണ് നടത്തുന്നത്. ഔട്ട് ഓഫ് ഹോം പരിപാടികളും കൺസ്യൂമർ ട്രാവൽ ഇവന്റും വകുപ്പ് നൂതനാശയങ്ങൾ വഴി കൂടുതൽ മികച്ച രീതിയിൽ നടപ്പിലാക്കി വരുന്നുണ്ട്. |

(..2)

| | | | |
|---|---|---|---|
| സി) | ഇതിന്റെ ഭാഗമായി അന്തർദേശീയ വ്യാപാര മേളകളിലും റോഡ് ഷോകളിലും കേരളം പങ്കെടുത്തിട്ടുണ്ടോ; വിശദാംശം നൽകുമോ; | സി) | ഉണ്ട്. 2017-18 വർഷം Vakantiebeurs (Utrecht, Netherlands), Fitur (Madrid, Spain), New York City Times Travel Show, Bit Milan (Italy), ITB (Germany), Salmon Mondial du Tourism (Paris), Destination Fair (London), PATA Travel Mart (China), Otdykh (Russia), JATA Expo (Japan), IFTM Top Reza (France), CITM (China), ITB Asia (Singapore), WTM (London) എന്നീ വിദേശ ട്രേഡ് ഫെയറുകളിൽ വകുപ്പ് പങ്കെടുത്തു. ഇതിന് പുറമെ റഷ്യ, മലേഷ്യ, ചൈന, ഓസ്ട്രേലിയ, ശ്രീലങ്ക, യു.കെ, യു.എസ്.എ, മിഡിൽ ഈസ്റ്റ്, സ്പെയിൻ, ജർമ്മനി എന്നിവിടങ്ങളിൽ ഇന്റർനാഷണൽ ബി 2 ബി ട്രേഡ് മീറ്റുകളും സംഘടിപ്പിച്ചു. |
| ഡി) | ടൂറിസം മാർക്കറ്റിംഗിനായി നടപ്പ ബജറ്റിൽ വകയിരുത്തിയിട്ടുള്ള തുക കൂടുതൽ ഫലപ്രദമായി വിനിയോഗിക്കാൻ എന്തെല്ലാം നിർദ്ദേശങ്ങളാണ് നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ? | ഡി) | ◆ ആഗോളതലത്തിൽ മാർക്കറ്റിംഗ് പ്രവർത്തനങ്ങൾ ശക്തമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക.<br>◆ രാജ്യാന്തര പ്രസക്തിയുള്ള വ്യക്തിയെ ബ്രാൻഡ് അംബാസഡറാക്കി രാജ്യത്തിനകത്തും പുറത്തും പ്രചരണ പരിപാടികൾ സംഘടിപ്പിക്കുക<br>◆ നിലവിലുള്ള വിപണന തന്ത്രങ്ങൾ അവലോകനത്തിന് വിധേയമായി കാലോചിതമായി പരിഷ്കരിച്ച് പുതിയ മാർക്കറ്റിംഗ് തന്ത്രങ്ങൾ ആവിഷ്കരിക്കുക<br>◆ നിലവിലുള്ള പ്രധാന സ്രോതസ്സായ കിഴക്കൻ യൂറോപ്യൻ രാജ്യങ്ങളിലെ ടൂറിസം വിപണി ശക്തിപ്പെടുത്തുന്നതോടൊപ്പം സാമ്പത്തികമായി മുന്നോക്കം നിൽക്കുന്ന വടക്കേ അമേരിക്ക, പശ്ചിമ ഏഷ്യ, കിഴക്കൻ ഏഷ്യ മേഖലയിൽ നിന്നും ഉള്ള ടൂറിസ്റ്റുകളുടെ എണ്ണം വർദ്ധിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കുക. കേരളത്തിലേയ്ക്ക് നേരിട്ട് വിമാന സർവ്വീസ് ലഭ്യമായതിനാൽ പശ്ചിമേഷ്യ, കിഴക്കനേഷ്യൻ രാജ്യങ്ങളിൽ നിന്നും ടൂറിസം വിപണി ശക്തിപ്പെടുത്താൻ പ്രത്യേക നടപടികൾ സ്വീകരിക്കുക<br>◆ ഇന്റർനെറ്റ് വഴിയുള്ള വിപണന തന്ത്രങ്ങൾ ശക്തിപ്പെടുത്തുക |

(..3)

| | | | |
|---|---|---|---|
| | | | ◆ അന്താരാഷ്ട്ര ടൂറിസം മേളകളിൽ കേരള ടൂറിസത്തിന്റെ സാന്നിദ്ധ്യം ഉയർത്തുന്നതിനോടൊപ്പം സ്വകാര്യ മേഖലയ്ക്ക് ഇത്തരം മേളകളിൽ പങ്കെടുക്കുന്നതിനുള്ള ഉചിതമായ പ്രോത്സാഹനം നൽകുക<br>◆ കേരള ടൂറിസം വെബ്സൈറ്റും, കേരള ടൂറിസം മൊബൈൽ ആപ്പും അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്തുക |

സെക്ഷൻ ഓഫീസർ